# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1486

22-03-2013 ൽ മറുപടിയ്ക്ക്

## മഹിളാ കിസാൻ ശാക്തീകരണ പരിയോജന

**ചോദ്യം**

ശ്രീ.എ.കെ.ബാലൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി) സംസ്ഥാനത്തു തുടങ്ങിയിട്ടുണ്ടോ; എങ്കിൽ,

എന്തെല്ലാമാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ;

എത്ര പദ്ധതികളാണ ഇതു പ്രകാരം നടപ്പാക്കുന്നത്;

അവയുടെ വിശദാംശം എന്തെല്ലാമാണ്;

(എ) ഉണ്ട്. എം.കെ.എസ്.പി പ്രകാരം രണ്ടു പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കുടുംബശ്രീയുടെ 30,000 സംഘകൃഷി ഗ്രൂപ്പുകളിലൂടെ 1,50,000 അംഗങ്ങൾക്ക് ആവശ്യമായ സാങ്കേതിക പരിശീലനവും ഭൗതിക സൗകര്യങ്ങളും നൽകി 24,000 ഹെക്ടർ സ്ഥലത്ത് ഒരു സാമ്പത്തിക വർഷം കൃഷി ചെയ്യുന്നതിലൂടെ കേരളത്തിന്റെ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമാകുകയെന്നതാണ് ആദ്യ പദ്ധതിയുടെ ലക്ഷ്യം. ഇത് സംസ്ഥാനത്ത് കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കുന്നത്. രണ്ടാമത്തെ പദ്ധതിയായി നെൽകൃഷി പുനരുദ്ധാരണത്തിനായുള്ള വനിതാ ലേബർ ബാങ്ക് പാലക്കാട്, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ 30,000 സ്ത്രീകളെ വിവിധ കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം നൽകി എല്ലാ ബ്ലോക്ക പഞ്ചായത്തുകളിലും ലേബർ ബാങ്ക് രൂപീകരിച്ച് നെൽകൃഷിക്ക് ആവശ്യമായ തൊഴിലാളികളെയും യന്ത്രങ്ങളും ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

പ്രസ്തുത പദ്ധതി കോംപറ്റ് (കോൺഫിഡറേഷൻ ഓഫ് ഡിസ്ട്രിക്റ്റ് പഞ്ചായത്ത് ഓഫ് പാലക്കാട്,തൃശ്ശൂർ & മലപ്പുറം) മുഖേനയാണ് നടപ്പിലാക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയുടെ നോഡൽ ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ;<br>എങ്കിൽ, ആയതിന്റെ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br>കുടുംബശ്രീയെയാണ് മേൽപ്പറഞ്ഞ പദ്ധതികളുടെ നോഡൽ ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടുള്ളത്. |
| (സി) | ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | കുടുംബശ്രീ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതിയുടെ ആകെ അടങ്കൽ തുക 79.94 കോടി രൂപയാണ്. നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട പദ്ധതിയുടെ അടങ്കൽ തുക 60.62 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ